**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 38** **27-01-2026 - ൽ മറുപടിയ്ക്ക്**

**നവകേരള സദസ്സ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | നവകേരള സദസ്സുമായി ബന്ധപ്പെട്ട് കോഴിക്കോട് നോർത്ത് നിയോജക മണ്ഡലത്തിൽ ഏതെല്ലാം പ്രവൃത്തികളാണ് അംഗീകരിച്ചതെന്ന് വ്യക്തമാക്കാമോ; | (എ) | നവകേരള സദസ്സുമായി ബന്ധപ്പെട്ട് കോഴിക്കോട് നോർത്ത് നിയോജക മണ്ഡലത്തിൽ ‘പുതിയങ്ങാടി പള്ളിക്കണ്ടി മുതൽ തോപ്പയിൽ വരെ കടൽ ഭിത്തി നിർമ്മാണം’, ’കോഴിക്കോട് മെഡിക്കൽ കോളേജ് ഹോസ്പിറ്റലിൽ എസ് ടി പി പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കൽ, 6വെൻറിലേറ്റർ, UHD 4K ലാപ്രോസ്കോപ്പിക് Equipment, c Arm mobile image intensifier System, മെഡിക്കൽ റിക്കോർഡ് ലൈബ്രറി, മൈക്രോടോൺ ഫോർ പാത്തോളജി, Portable Ventilator (Neuromedicine), Podia Scan (General Surgery), Basic Renovation Work (Physical Medicine Department) എന്നിവ സജ്ജീകരിക്കൽ’ എന്നീ പ്രവർത്തികൾക്ക് അനുമതി നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ; | (ബി) | ‘പുതിയങ്ങാടി പള്ളിക്കണ്ടി മുതൽ തോപ്പയിൽ വരെ കടൽ ഭിത്തി നിർമ്മാണം’ എന്ന പദ്ധതിക്കായി കരാറിൽ ഏർപ്പെടുകയും, പ്രവൃത്തി സ്ഥലം കൈമാറുകയും ചെയ്തിട്ടുണ്ട്. നിലവിൽ പ്രവൃത്തി നടന്നു വരുന്നു.<br><br>കോഴിക്കോട് മെഡിക്കൽ കോളേജ് ഹോസ്പിറ്റലുമായി ബന്ധപ്പെട്ട് ഭരണാനുമതി ലഭിച്ച പ്രവർത്തികളിൽ C-Arm mobile image intensifier System, മൈക്രോടോൺ ഫോർ പാത്തോളജി, പോർട്ടബിൾ വെൻിലേറ്റർ എന്നീ ഉപകരണങ്ങൾ സപ്ലൈ ഓർഡർ നൽകി വാങ്ങുകയും, 6 വെന്റിലേറ്റർ, UHD4K ലാപ്രോസ്കോപ്പിക് Equipment, Podia Scan എന്നീ ഉപകരണങ്ങൾ വാങ്ങുന്നതിനായി സപ്ലൈ ഓർഡർ നൽകുകയും ചെയ്തിട്ടുണ്ട്. ഭരണാനുമതി ലഭിച്ച നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പിന് ഭരണാനുമതി ഉത്തരവ് കൈമാറി പണികൾ ചെയ്യുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഭരണാനുമതി ലഭിച്ച പ്രവൃത്തികൾക്ക് ഫണ്ട് ലഭ്യമാക്കുന്നതിന് തടസ്സം നേരിട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ; | (സി) | ഭരണാനുമതി ലഭിച്ച പ്രവൃത്തികൾക്ക് ഫണ്ട് ലഭ്യമാക്കുന്നതിന് തടസ്സം നേരിട്ടിട്ടില്ല. |
| (ഡി) | ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ? | (ഡി) | ഭരണാനുമതി ലഭിച്ച പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ